**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2348**
**07/2/2019 - ലെ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാരുടെ ശമ്പളം ട്രഷറി സേവിംഗ്സ് അക്കൗണ്ടുകളിലേയ്ക്ക് മാറ്റാനുള്ള നടപടികൾ**

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ. കെ. ദാസൻ** | **ഡോ. ടി.എം. തോമസ് ഐസക്ക്**<br>**ധനകാര്യവും കയറും വകുപ്പ് മന്ത്രി** |
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളം ട്രഷറി സേവിംഗ്സ് അക്കൗണ്ടുകളിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളവിതരണം ട്രഷറി സേവിംഗ്സ് അക്കൗണ്ടുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. സർക്കാർ ജീവനക്കാരുടെ ശമ്പളവിതരണത്തിനായി വകുപ്പ് ഇ-റ്റി.എസ്. ബി അഥവാ എംപ്ലോയ്സ് റ്റി.എസ്.ബി എന്ന പുതിയ ക്ലാസ് ഓഫ് അക്കൗണ്ട്സ് തുടങ്ങിയിട്ടുണ്ട്. സർക്കാർ ജീവനക്കാരുടെ ശമ്പളവിതരണം പൂർണ്ണമായും ഈ അക്കൗണ്ട് മുഖേന നിർവ്വഹിക്കാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | ട്രഷറി സേവിംഗ്സ് അക്കൗണ്ടുകളെ പൊതുമേഖലാ ബാങ്കുകളുമായി ബന്ധപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; വിശദമാക്കാമോ; | ട്രഷറി അക്കൗണ്ടുടമകൾക്ക് ഇപ്പോൾ നെറ്റ് ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തുന്ന നടപടി പൂർത്തിയായിക്കഴിഞ്ഞു. സുരക്ഷ മുൻനിർത്തി ഈ സൗകര്യം പരീക്ഷണാടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിലെയും ട്രഷറി വകുപ്പിലെയും ട്രഷറി അക്കൗണ്ട് ഉടമകളായ ജീവനക്കാർക്ക് ലഭ്യമാക്കുന്നതിനാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന പ്രതിദിന ഇടപാടു പരിധിയായ പതിനായിരം രൂപയിൽ നിന്നുകൊണ്ട് ഇവർക്ക് അവരുടെ അക്കൗണ്ടിലെ പണം മറ്റ് ബാങ്ക് അക്കൗണ്ടുകളിലേക്കോ ട്രഷറി അക്കൗണ്ടുകളിലേക്കോ യഥേഷ്ടം മാറ്റാവുന്നതാണ്. ഒരു നിശ്ചിത കാലം ഈ ഇടപാടുകൾ നിരീക്ഷിച്ച ശേഷവും ആവശ്യമായ മറ്റ് സുരക്ഷാ ക്രമീകരണങ്ങൾ പൂർത്തിയായ ശേഷവും ഈ സൗകര്യം എല്ലാ ട്രഷറി അക്കൗണ്ട് ഇടപാടുകാർക്കും ലഭ്യമാക്കുന്നതാണ്. |

| | | |
|---|---|---|
| (സി) | ജീവനക്കാരുടെ ശമ്പളം ട്രഷറി വഴിയാക്കുമ്പോൾ പണം പിൻവലിക്കാനായി ട്രഷറി എ.ടി.എം. സർവ്വീസുകൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ടോ? | ബാങ്കുകൾ മുഖേന ട്രഷറി സേവിംഗ്സ് ഇടപാടുകാർക്ക് എ.ടി.എം സൗകര്യം ലഭ്യമാക്കുന്നത് സംബന്ധിച്ച് ആർ.ബി.ഐ-യുമായും ബാങ്കുകളുമായും ചർച്ച നടന്നുകൊണ്ടിരിക്കുന്നു. |

**അക്കൗണ്ട്സ് ഓഫീസർ**